## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 761** | **09.08.2017-ൽ മറുപടിയ്ക്ക്**

### അംബേദ്കർ സെറ്റിൽമെന്റ് സമഗ്രവികസന പദ്ധതി

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് സമഗ്രവികസന പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | എ) | എറണാകുളം ജില്ലയിൽ കോതമംഗലം മണ്ഡലത്തിൽ കുട്ടംപുഴ പഞ്ചായത്തിലെ ഇളംബ്ലാശ്ശേരി, തേര എന്നീ കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി പ്രസ്തുത കോളനികളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; | ബി) | 1. ഇളംബ്ലാശ്ശേരി (200 കുടുംബങ്ങൾ)<br>1) കുടിവെള്ള പദ്ധതി<br>2) ഭവന പുനരുദ്ധാരണം<br>3) കൃഷി<br>4) സ്വയംതൊഴിൽ സംരംഭങ്ങൾ<br>5) വിജ്ഞാനകേന്ദ്രം<br>6) കമ്മ്യൂണിറ്റി ഹാളിനുള്ള അടിസ്ഥാന സൗകര്യങ്ങൾ<br>7) ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | 2. തേര (25 കുടുംബങ്ങൾ)<br>1) കുടിവെള്ള പദ്ധതി<br>2) റോഡ്<br>3) ഭവന പുനരുദ്ധാരണം<br>4) മണ്ണ് സംരക്ഷണം<br>5) ഇലക്ട്രിഫിക്കേഷൻ<br>6) വനിത വികസന കേന്ദ്രം<br>7) കമ്മ്യൂണിറ്റി ഹാൾ<br>8) ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ |
| സി) | എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | സി) | പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമായി ഇളംബ്ലാശ്ശേരി കോളനിയിലെ ഊരുകൂട്ടം ബഹു.എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ 28.07.2017-ന് നടത്തിയിട്ടുണ്ട്. |
| ഡി) | ഏതെങ്കിലും ഏജൻസികൾ വഴിയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ ? | ഡി) | പദ്ധതി നടപ്പിലാക്കുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

Haripriya

സെക്ഷൻ ഓഫീസർ